(സി) 2011-12 വർഷം : 164,04,65,200 രൂപ

2012-13 വർഷം : 215,82,38,400 രൂപ

2013-14 വർഷം : 242,30,22,400 രൂപ

2014-15 വർഷം : 274,24,22,000 രൂപ

2015-16 വർഷം : (മേയ് 2015 വരെ) : 43,33,59,200 രൂപ വീതം ഒരു രൂപയ്ക്ക് ഒരുകിലോ അരി പദ്ധതിക്ക് ചെലവായിട്ടുണ്ട്.

(ഡി) ഒരുരൂപയ്ക്ക് ഒരു കിലോ അരി പദ്ധതിക്ക് ഒരു മാസം 21,66,79,600 രൂപ ഇപ്പോൾ ചെലവാകുന്നുണ്ട്.

(ഇ) നിലവിൽ കടിശ്ശികയില്ല.

അരി വിതരണത്തിലെ അഴിമതി

201 (1234) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സിവിൽസപ്ലൈസ് വകുപ്പിന്റെ അരി വിതരണത്തിൽ അഴിമതി നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും അന്വേഷണം നടക്കുകയുണ്ടായോ അന്വേഷണത്തിൽ കണ്ടെത്തിയ വിവരം ലഭ്യമാക്കാമോ ;

(സി) ആരൊക്കെയാണ് ഈ അഴിമതിയിൽ ഉൾപ്പെട്ടിട്ടുള്ളതെന്ന് അറിയിക്കാമോ ;

(ഡി) ഇവർക്കെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2012 വർഷത്തിൽ മലപ്പുറം ജില്ലയിലെ തിരൂർ താലൂക്കിൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സിവിൽ സപ്ലൈസ് കമ്മീഷണറേറ്റിലെ ഓഡിറ്റ് വിഭാഗം അന്വേഷണം നടത്തുകയുണ്ടായി. ആവശ്യകതയിൽ കൂടുതൽ സാധനങ്ങൾ ക്രമവിരുദ്ധമായി നൽകി സർക്കാരിന് നഷ്ടം വരുത്തിയതായി കണ്ടെത്തി.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

(സി)	1.	കെ.കെ. ബിജു	ക്ലാർക്ക്
	2.	സുജാത പി.	റേഷനിംഗ് ഇൻസ്പെക്ടർ
	3.	മുഹമ്മദ് കുട്ടി പി.	റേഷനിംഗ് ഇൻസ്പെക്ടർ
	4.	രാജശ്രീ പി.	റേഷനിംഗ് ഇൻസ്പെക്ടർ
	5.	ജോർജ്ജ് കെ.സാമുവൽ	റേഷനിംഗ് ഇൻസ്പെക്ടർ
	6.	ബഷീർ ടി.	റേഷനിംഗ് ഇൻസ്പെക്ടർ
	7.	പ്രമോദ് പി.	റേഷനിംഗ് ഇൻസ്പെക്ടർ
	8.	രാധാകൃഷ്ണൻ ബി.	റേഷനിംഗ് ഇൻസ്പെക്ടർ
	9.	പ്രസന്നകുമാർ എ.	റേഷനിംഗ് ഇൻസ്പെക്ടർ
	10.	പി.കെ. സൈനുദ്ദീൻ കുട്ടി	റേഷനിംഗ് ഇൻസ്പെക്ടർ (റിട്ടയേർഡ്)
	11.	അലവിക്കുട്ടി	അസ്സിസ്റ്റന്റ് താലൂക്ക് സപ്ലൈ ഓഫീസർ (റിട്ടയേർഡ്)
	12.	ബാബു സി.എൻ.	താലൂക്ക് സപ്ലൈ ഓഫീസർ (റിട്ടയേർഡ്)

മേൽപ്പറഞ്ഞ ജീവനക്കാരെ അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്തിരുന്നു.

(ഡി) മേൽ ക്രമനമ്പർ (1) ജീവനക്കാരൻ കെ.കെ. ബിജുവിനെതിരെ ഓഫീസ് മുദ്ര ദുർവിനിയോഗം ചെയ്തതിനും ഓഫീസ് രേഖകളിൽ മേലധികാരികളുടെ അറിവോ സമ്മതമോ ഇല്ലാതെ സ്വയം സാക്ഷ്യപ്പെടുത്തി റേഷൻ സാധനങ്ങൾ വിതരണം ചെയ്തു എന്ന ക്രിമിനൽ കുറ്റത്തിന് തിരുർ പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 1386/14/U/S409, 201 IPC ആയി കേസ് രജിസ്റ്റർ ചെയ്തു. ജീവനക്കാരുടെ കർത്തവ്യനിർവ്വഹണത്തിലുണ്ടായ വീഴ്ചയ്ക്ക് അനുസൃതമായി നഷ്ടമായ തുകയുടെ 10 ശതമാനംവീതം കണക്കാക്കി മേൽ ക്രമനമ്പർ (2) മുതൽ (8) വരെയുള്ള ജീവനക്കാരിൽനിന്ന് ഈടാക്കുകയും സസ്പെൻഷൻ കാലയളവ് അർഹതപ്പെട്ട അവധിയായി ക്രമീകരിച്ച് കുറ്റവിമുക്തരാക്കി സർവ്വീസിൽ തിരികെ പ്രവേശിപ്പിക്കുകയും ചെയ്തു. മേൽ ക്രമനമ്പർ 9, 10, 11 ആയ ജീവനക്കാരെ കുറ്റക്കാരല്ലെന്നുകണ്ട് താക്കീത് ചെയ്ത് സിവിൽ സപ്ലൈസ് ഡയറക്ടർ സേവനത്തിൽ തിരികെ എടുത്തു. മേൽ ക്രമനമ്പർ 12 ശ്രീ. ബാബു സി.എൻ.(റിട്ട.) താലൂക്ക് സപ്ലൈ ഓഫീസർക്ക് സർക്കാർ നഷ്ടത്തിന്റെ 10 ശതമാനം 2 ലക്ഷത്തിൽ കൂടുതലാണെങ്കിൽ 2 ലക്ഷം രൂപ അടവാക്കുന്നതിനും ഉത്തരവായിട്ടുണ്ട്.